ഉത്തരം

(എ) ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ജലം, വൈദ്യുതി, സ്ഥലം/കെട്ടിടം, 100% വൈദ്യുത സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള ജനറേറ്റർ സൗകര്യങ്ങൾ, കോൺഫറൻസ് ഹാളുകൾ, ഡാറ്റാ കണക്ടിവിറ്റി, ബിസിനസ് ഇൻകുബേഷൻ, സോഫ്റ്റ്വെയർ കോംപീറ്റൻസി സെന്റർ, റിസോഴ്സ് സെന്റർ, ക്ലബ് ഹൗസ്, പെർത്ത് ക്ലബ്, ഗസ്റ്റ്ഹൗസ്, ടെക്നോപാർക്ക് എക്സ്പ്രസ്സ് (ഇന്റേണൽ മിനി ബസ് സർവ്വീസ്) തുടങ്ങിയ പൊതുവായ സൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ട്.

(ബി) മെച്ചപ്പെട്ട താമസ സൗകര്യങ്ങൾ, ഭക്ഷണശാലകൾ, വിനോദസൗകര്യങ്ങൾ, യാത്രാസൗകര്യങ്ങൾ ഇവയെല്ലാം കമ്പനികൾ നിരന്തരമായി ആവശ്യപ്പെടാറുണ്ട്.

(സി, ഡി) പുതുതായി ആരംഭിച്ച അലയൻസ് കോൺഫിൽ, വിഷ്വൽ ഗ്രാഫിക്സ്, R.M.plc. എന്നീ കമ്പനികൾക്ക് പുറമേ മക്ഫാഡിയൻ കൺസൾട്ടിംഗ് എന്ന യു. എസ്. എ. കമ്പനിയും ഉടൻ പ്രവർത്തനം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരുടെ വിദേശയാത്രകൾ

18 [3423] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിൽ നിന്നും അതിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ നിന്നും ആരെല്ലാം വിദേശ യാത്ര നടത്തിയിട്ടുണ്ടെന്നും ആയതിന് എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) വ്യവസായ വകുപ്പിൽനിന്നും വിദേശയാത്ര പോയതുകൊണ്ട് സംസ്ഥാനത്ത് ഏതെങ്കിലും വ്യവസായികൾ മൂലധനനിക്ഷേപത്തിന് തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വിശദമാക്കുമോ;

(സി) വ്യവസായ വകുപ്പിൽനിന്നും വിദേശയാത്ര നടത്തിയത് ഏതൊക്കെ ആവശ്യത്തിനാണെന്ന് വിശദമാക്കുമോ; ആയതുകൊണ്ട് സംസ്ഥാനത്തിന് എന്തു നേട്ടങ്ങളുണ്ടായി എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ നിയന്ത്രണത്തിലുള്ള കെ. എസ്. ഐ. ഡി. സി., കിൻഫ്ര, കെ. ബിപ്പ്, റിയാബ്, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ നടത്തിയ വിദേശ യാത്രയുടെ വിശദവിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

(ബി) വിദേശയാത്രകൊണ്ടുണ്ടായ മൂലധനനിക്ഷേപം അനുബന്ധം ആയി ചേർത്തിരിക്കുന്നു.‡

† അനുബന്ധം V കാണുക.

‡ അനുബന്ധം VA കാണുക.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിദേശയാത്രയുടെ ആവശ്യകത, നേട്ടം എന്നിവ അനുബന്ധം V-ലും VA-യിലുമായി ചേർത്തിരിക്കുന്നു. കൂടാതെ കേരളത്തിന്റെ വ്യാവസായികാന്തരീക്ഷത്തെ പറ്റിയുള്ള തെറ്റിദ്ധാരണകൾ മാറ്റാനും കേരളമൊരു നിക്ഷേപക സൗഹൃദ സംസ്ഥാനമായി മാറിക്കഴിഞ്ഞുവെന്നത് വിദേശങ്ങളിലെ വ്യവസായ സംരംഭകരെ അറിയിക്കുവാനും ഈ യാത്രകൾ സഹായകരമായിട്ടുണ്ട്.

കരകൗശല ഉൽപ്പന്നങ്ങളുടെ കയറ്റുമതി

19 [3424] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എ. കെ. മണി:
,, എൻ. ഡി. അപ്പച്ചൻ:
,, കെ. സി. ജോസഫ്:
,, ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും എന്തു തുകയ്ക്കുള്ള കരകൗശല ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്;

(ബി) അതിൽ ഹാൻഡിക്രാഫ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റേയും ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റേയും പങ്കെന്തെന്നു വ്യക്തമാക്കാമോ;

(സി) കയറ്റുമതി ബിസിനസ്സ് പ്രസ്തുത കോർപ്പറേഷനുകൾക്ക് മെച്ചപ്പെട്ട ലാഭം ഉണ്ടാക്കുവാൻ സൗകര്യമുണ്ടാക്കുമെന്നതിനാൽ ഈ കോർപ്പറേഷനുകളുടെ ആഭിമുഖ്യത്തിൽ കയറ്റുമതി ബിസിനസ്സ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 2002-03 സാമ്പത്തികവർഷം 38.19 ലക്ഷം രൂപയുടെ കരകൗശല ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തു.

(ബി) ഹാന്റി ക്രാഫ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ 32.74 ലക്ഷം രൂപയുടെ കയറ്റുമതി നടത്തിയിട്ടുണ്ട്. ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ കരകൗശല ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നില്ല.

(സി) ഹാൻഡിക്രാഫ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ കൂടുതൽ കയറ്റുമതി നടത്തുവാൻ വേണ്ട ശ്രമങ്ങൾ നടത്തിവരുന്നു. കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ കരകൗശല ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly